മലയാള മനോരമ
ESTABLISHED 1888
28 November 2017

# രാജ്യാന്തര സഫാരി സമ്മേളനത്തിൽ പ്രബന്ധം അവതരിപ്പിക്കാൻ അവസരം

കൊച്ചി ● കേന്ദ്ര സമുദ്രമൽസ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) നേതൃത്വത്തിൽഅടുത്തജനുവരി15മുതൽ 17 വരെ കൊച്ചിയിൽ നടക്കുന്ന രാജ്യാന്തര സഫാരി സമ്മേളനത്തിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതിനു യുവഗവേഷകർക്ക് അവസരം. വിദ്യാർഥികൾ, ഗവേഷകർ, അധ്യാപകർ എന്നിവരിൽനിന്നു തിരഞ്ഞെടുക്കപ്പെടുന്നവർക്കു റജിസ്ട്രേഷൻ ഫീസ് ഇളവു നൽകും. കൂടാതെ ഏറ്റവും മികച്ച പ്രബന്ധങ്ങൾ സമർപ്പിക്കുന്നവരുടെ യാത്ര, താമസച്ചെലവുകളും നൽകും.

യുവഗവേഷകരെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി നോർവേ ആസ്ഥാനമായി പ്രവർത്തിക്കുന്ന നാൻസൻ സയന്റിഫിക് സൊസൈറ്റിയാണു സഹായം നൽകുന്നത്. safari2.secretariat@gmail.com എന്ന വിലാസത്തിൽ പ്രബന്ധത്തിന്റെ ചുരുക്കരൂപവും ബയോഡേറ്റയും 30നകം ഇ-മെയിൽ ചെയ്യണം. മികച്ച പ്രബന്ധങ്ങൾക്കും പോസ്റ്റർ പ്രദർശനത്തിനും സമ്മേളനത്തിൽ പ്രത്യേക പുരസ്കാരം നൽകും.

ഉപഗ്രഹ സാങ്കേതികവിദ്യ ഇന്ത്യൻ മൽസ്യമേഖലയിൽ എങ്ങനെ ഉപയോഗപ്പെടുത്താമെന്നതിനു രൂപരേഖ തയാറാക്കുകയാണു സമ്മേളനലക്ഷ്യം. ഇന്ത്യക്കു പുറമെ യുകെ, നോർവേ, ഈജിപ്ത്, വിയറ്റ്നാം, ഘാന, ടാൻസനിയ, ഐവറി കോസ്റ്റ് തുടങ്ങിയ രാജ്യങ്ങളിൽനിന്നു പ്രതിനിധികൾ പങ്കെടുക്കും.

സഫാരി സമ്മേളനത്തിൽ പങ്കെടുക്കുന്നവർക്കായി, ഉപഗ്രഹവിവരങ്ങൾ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് രണ്ടു ദിവസത്തെ പരിശീലനം നൽകും. സമ്മേളനത്തിൽ പേരു റജിസ്റ്റർ ചെയ്തവർക്കു മാത്രമാകും പരിശീലനത്തിൽ പങ്കെടുക്കാൻ അവസരം. യൂറോപ്യൻ സ്പേസ് ഏജൻസിയുടെ ഏറ്റവും പുതിയ ഉപഗ്രഹവിവര വിശകലന സോഫ്റ്റ്വെയറുകളിൽ പരിശീലനം നൽകും. ഇന്ത്യയിൽ നിന്ന് 20 പേർക്കും പുറത്തുനിന്ന് 10 പേർക്കും പങ്കെടുക്കാം. വിദേശ രാജ്യങ്ങളിലെ വിദഗ്ധരാണു പരിശീലനത്തിനു നേതൃത്വം നൽകുക. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ഡിസംബർ20നുമുൻപ് അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾ www.safari2.org.in